# <u>ശാരദീയം</u>

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**ഒരിക്കലത്** നിപതിച്ചടുത്താൽ
ഒരിക്കലും തിരിച്ചു പോക്കില്ല –
പണയപ്പാടിന്റെ അതിതാര സമ്പൂർണ്ണത.
സ്ഥാനചലനത്തിനു വയ്യാകരണൻ കുറിക്കണ
സർവ്വനാമോച്ചാരണം ഉറക്കെ മാറ്റിച്ചൊല്ലണ
വിടുവായ് ധ്വനിസ്വരൂപമല്ലത്.

ആരണ്യക മനാന്തരാളത്തിൽ
വഴിച്ചെലവിനു ധർമ്മമുറകൾ
മറിച്ചുവിൽക്കുന്ന നീതിശാസ്ത്രജ്ഞനായി
വേലയില്ലാത്തപ്പോൾ കടകളിൽ നിരങ്ങി
പ്രസാധനത്തിന്റെ മധുരക്കൊയ്ത്തിൽ
ഊഹാപോഹങ്ങൾ പുന:ചംക്രമണം ചെയ്ത്
അങ്ങാടി നിലവാരം കൈകുറിപ്പാക്കലല്ലത്.

തുടങ്ങിയാൽ അതിന് അന്ത്യം ഇല്ല –
രഹസ്യ വേട്ടയുടെ തലത്തിൽ
തോന്നിയ തോതിൽ ഉറയുന്ന
ഞായറാഴ്ചകളിൽ പോലും
പ്രഭവശക്തി മാത്രം അതിനു സ്വന്തം.
മരണമില്ലതിന്
അതിനാൽ ഉയിർപ്പുമില്ല.

അത് നുകരൂ!
അതിനെ ഭദ്രപ്പശയാക്കൂ.
അവിശുദ്ധ ചടങ്ങുകളുടെ ബന്ധക്രിയയിൽ
ബലിദാനമാകുന്ന ദാർഢ്യനാരുകളുടെ
യാന്ത്രികബലത്തിലത് നൂലാമാലയാകുന്നു.

അതൊരു ചക്കാത്തു സദ്യയല്ല.

സസന്ദേഹ വിസമ്മതത്തിന്റെ
എണ്ണമറ്റ കറിക്കൂട്ടുകളുടെ
നീർച്ചാലുകളിൽ അത് വളിച്ചുപുളിക്കും.

അതിനെ പുണരൂ:
ശരദ് വീഴ്ച്ചയുടെ പ്രബലഞരമ്പുകൾ
വിങ്ങിപ്പൊട്ടാൻ വീർപ്പുമുട്ടുന്നതിനു മുമ്പ്.
വൈദഗ്ദ്യ വക്രതകളുടെ
പൊള്ളച്ച കുത്തൊഴുക്കുകൾ
തിരിഞ്ഞു നടക്കുന്നതിനു മുമ്പ്.
************************************************************************